അനുഭവിക്കും തോറും സുഖമുള്ള നോവായി മാറുന്ന ഒന്നാണ് പ്രണയം.
പ്രണയം മധുരമാവുമ്പോൾ പ്രണയികൾക്കായുള്ള ദിനം ഏറെ മധുരതരം.
ഇന്നീ വാലന്റൈൻ ദിനത്തിൽ ഒരു പ്രണയ കവിതയോടെ തുടങ്ങാം.

"പ്രണയം ആരംഭിച്ചത് ചെറിയൊരു കത്തിലൂടെയാണ്,
വിലാസം ഇല്ലാതെ ഞാൻ അയച്ചൊരു കത്ത്.
ധൈര്യപൂർവം ചെയ്തതല്ല,
പക്ഷെ എഴുതാൻ മറന്നു പോയി.

പല കൈമറിഞ്ഞു പല നാടുകണ്ട്,
ഒടുവിൽ എന്നരികിൽ തന്നെ അത് തിരിച്ചെത്തി.
ആകെ മുഷിഞ്ഞു, ചുക്കിച്ചുളിഞ്ഞ്....

മേശമേൽ അത് അനാഥമായി കിടന്നു,
ഒരിക്കൽ നീയത് വെറുതെ കയ്യിലെടുത്തു:
ആകാംക്ഷയോടെ ഞാൻ നോക്കിനിന്നു.
നീ അത് മെല്ലെ തുറന്നു.. പിന്നെ വായിച്ചു...
എന്റെ ആദ്യ പ്രണയ കവിത.

നിന്റെ കയ്യിൽ അതെത്താൻ വൈകി പോയോ?
നിന്റെ പുഞ്ചിരിയുടെ അർത്ഥം എനിക്ക് മനസ്സിലായി.
നീയത് വലിച്ചെറിഞ്ഞിട്ടുണ്ടാവാം, പിന്നെ അതേക്കുറിച്ച് ചിന്തിച്ചിട്ടേ
ഉണ്ടാവില്ല പക്ഷേ....
നീ അത് സൂക്ഷിച്ചു വെച്ചു എന്ന് കരുതാനാണ് എനിക്കിഷ്ടം...
ഒരു നിധി പോലെ,
സുരക്ഷിതമായി..
എന്നെന്നേക്കുമായി..."

ജീവിതം പ്രണയസുരഭിലമാക്കിയതിനൊപ്പം ചിത്രങ്ങളെയും
കവിതകളെയും പ്രണയിച്ച ഒരു പെൺകുട്ടി...
ഈ മധുരമുള്ള ദിവസത്തിലെ ദളം വിടരുന്നു.

അജീതി എസ്
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
ലോക്കൽ ഹെഡ് ഓഫീസ്
തിരുവനന്തപുരം

കെ എസ് ഇ ബി സീനിയർ സുപ്രണ്ട് ആയി റിട്ടയർ ചെയ്ത
ശശികുമാറിന്റെയും സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിലെ
ജീവനക്കാരിയായിരുന്ന പത്മാവതി അമ്മയുടെയും ഏക മകളാണ്
അജീതി.
കോഴഞ്ചേരി സ്വദേശികൾ ആയിരുന്നെങ്കിലും അച്ഛനും അമ്മയും ജോലി

സംബന്ധമായി തിരുവനന്തപുരത്തേക്ക് പറിച്ചു നടപ്പെട്ടവരായിരുന്നു. തിരുവനന്തപുരത്ത് പോങ്ങുംമൂടിലുള്ള മേരിനിലയം സ്കൂളിലായിരുന്നു കെ ജി ക്ലാസിൽ അജീതിയുടെ പഠനം. പിന്നീട് പത്താം ക്ലാസ് വരെ സെന്റ് തോമസ് ഹൈസ്കൂളിലും പ്ലസ് വൺ പ്ലസ് ടു സെൻതോമസ് സെൻട്രൽ സ്കൂളിലും. തുടർന്ന് പത്തനംതിട്ട ജില്ലയിലെ റാന്നി പെരുനാട് ഉള്ള കാർമൽ എൻജിനീയറിങ് കോളേജിൽ നിന്നും ബിടെക് ബിരുദം കരസ്ഥമാക്കി.

സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ ലേഖനം, കഥ, കവിത, ചിത്രരചന, ശാസ്ത്രീയ നൃത്തം, പ്രസംഗം, ഫാബ്രിക് പെയിന്റിംഗ് തുടങ്ങി എല്ലാ ഇനങ്ങളിലും മത്സരാർത്ഥിയായിരുന്നു അജീതി. സ്കൂളിലെ മലയാളം അധ്യാപികയായിരുന്ന ചിത്ര ടീച്ചറും ചിത്രകലാ അധ്യാപകനായിരുന്ന രാജേഷ് സാറും ആണ് കവിതയിലേക്കും ചിത്രരചനയിലേക്കും കൈപിടിച്ചു നടത്തിയത്. ഒപ്പം മാതാപിതാക്കളുടെ സ്നേഹം നിറഞ്ഞ പ്രോത്സാഹനവും.

പങ്കെടുത്ത മിക്ക മത്സരങ്ങളിലും സ്കൂൾതലത്തിലും ജില്ലാതലത്തിലും ഒക്കെ സമ്മാനങ്ങൾ നേടി. സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ ഉപന്യാസത്തിൽ മൂന്നാം സമ്മാനം, ഫാബ്രിക് പെയിന്റിങ്ങിൽ രണ്ടാം സമ്മാനം, കവിതയിൽ ഒന്നാം സമ്മാനം ഒക്കെ കരസ്ഥമാക്കാൻ കഴിഞ്ഞു. എസ്എസ്എൽസി പരീക്ഷ സംസ്ഥാനതലത്തിൽ ഒമ്പതാം റാങ്കോടെയാണ് അജീതി പാസായത്.

എഞ്ചിനീയറിങ് വിദ്യാഭ്യാസം പൂർത്തിയായപ്പോൾ തന്നെ ക്യാമ്പസ് സെലക്ഷനിലൂടെ ഇൻഫോസിസിൽ ജീവനക്കാരിയായി. അവിടെ ജോലിയിലിരിക്കുമ്പോഴാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പ്രബേഷണറി ഓഫീസർ പരീക്ഷ പാസാകുന്നതും 2009ൽ പ്രബേഷനറി ഓഫീസറായി ബാങ്ക് ജീവിതം ആരംഭിക്കുന്നതും.

എറണാകുളം ബ്രോഡ് വേ ശാഖയിലും കൊല്ലം മെയിൻ ശാഖയിലും ആയിട്ടായിരുന്നു പ്രബേഷൻ കാലം പൂർത്തിയാക്കിയത്. പ്രബേഷന് ശേഷം ആദ്യ പോസ്റ്റിങ്ങ് ലഭിച്ചത് കുന്നംകുളം ശാഖയിൽ ആയിരുന്നു. അവിടെനിന്നും പാലക്കാട് മെയിൻ ശാഖയിലേക്ക്. അവിടെ നിന്നും സ്കെയിൽ ടു പ്രമോഷൻ കിട്ടി പാലക്കാട് ആർ ബി ഓയിലേക്കും അവിടെ നിന്നും എൽ എച്ച് ഓയിലെ എച്ച് ആർ എം എസ് ഡിപ്പാർട്ട്മെന്റിലേക്കും സ്ഥലംമാറ്റം ലഭിച്ചു. എൽ എച്ച് ഓയിൽ ഇരിക്കുമ്പോഴാണ്
സ്കെയിൽ ത്രീ പ്രമോഷൻ ലഭിക്കുന്നതും നെട്ടയം ബ്രാഞ്ചിൽ ശാഖാ മാനേജരായി നിയമനം ലഭിക്കുന്നതും. അവിടെനിന്നും വീണ്ടും എൽ എച്ച് ഓയിലെ പെൻഷൻ ഡിപ്പാർട്ട്മെന്റിലേക്ക് സ്ഥലംമാറ്റം ലഭിച്ചു. ഇപ്പോഴും അവിടെ തുടരുന്നു.

സ്കൂൾ, കോളേജ് കാലഘട്ടങ്ങളിൽ വിവിധ മേഖലകളിലെ മത്സരങ്ങളിൽ ഒക്കെ പങ്കെടുക്കുകയും പ്രാവീണ്യം തെളിയിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ജോലിയൊക്കെ ലഭിച്ചതോടെ കവിതയെഴുതിലും പെയിന്റിങ്ങിലും മാത്രമായി അജീതിയുടെ ശ്രദ്ധ. കുന്നംകുളം ശാഖയിൽ ജോലി ചെയ്യുന്ന കാലത്ത് ഗുരുവായൂരിലെ ചിത്രകലാവിദഗ്ദരിൽ ചിലരുമായി പരിചയത്തിലാവുകയും അവരിൽ നിന്നും കേരളത്തിന്റെ ചുവർ ചിത്രകല അഭ്യസിക്കുകയും ചെയ്തിട്ടുണ്ട്.

മലയാളത്തിലും ഇംഗ്ലീഷിലും നിരവധി കവിതകൾ രചിച്ചിട്ടുള്ള അജീതിയുടെ കവിതകൾ ഇംഗ്ലീഷിൽ ഏതാണ്ട് പത്തിലധികം കവിതാ സമാഹാരങ്ങളിലും മലയാളത്തിൽ നാല് കവിതാ സമാഹാരങ്ങളിലും പ്രസിദ്ധീകൃതമായിട്ടുണ്ട്. ഹെംലോക്ക് ജേർണൽ, ബോർഡർലെസ് ജേർണൽ, വൈസ് ഔൾ തുടങ്ങിയ വളരെ പ്രമുഖങ്ങളായ ഓൺലൈൻ മാഗസിനുകൾ അജീതിയുടെ കവിതകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ദേശീയതലത്തിൽ ഏതാണ്ട് പതിനായിരത്തിനു മുകളിൽ ആൾക്കാർ പങ്കെടുക്കുന്ന ഏറ്റവും കൂടുതൽ പങ്കാളിത്തമുള്ള എസ് സെവൻ പോയട്രി കോൺടെസ്റ്റിൽ പങ്കെടുക്കുകയും 96 മത് സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ ആന്ധ്രപ്രദേശ് കേന്ദ്രമായുള്ള ഇന്ത്യ റൈറ്റിംഗ് പ്രോജക്ടിന്റെ സീസൺ എട്ടിലും ഒമ്പതിലും പങ്കെടുത്ത് എ ഗ്രേഡ് കരസ്ഥമാക്കിയിട്ടുണ്ട്.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഓഫീസേഴ്സ് അസോസിയേഷൻ നടത്തിയിട്ടുള്ള കവിതാരചനാ മത്സരങ്ങളിലും ചിത്രരചനാ മത്സരങ്ങളിലും ഒക്കെ നിരവധി സമ്മാനങ്ങൾ അജീതിയെ തേടി എത്തിയിട്ടുണ്ട്.

കവിതകളുടെ ഓൺലൈൻ മേഖലയുമായി ബന്ധപ്പെട്ട് 2025ൽ വളരെ പ്രമുഖമായ രണ്ട് അവാർഡുകൾ ലഭിച്ചു. ഗ്ലോബൽ ബ്ലൂമിംഗ് ടാലന്റ് അവാർഡ് 2025, ഭാരതകവിരത്ന അവാർഡ് 2025 എന്നിവ.

പ്രധാനമായും അക്രിലിക് മാധ്യമത്തിലാണ് അജീതി തന്റെ ചിത്രങ്ങൾ രചിക്കുന്നത്. ജീവൻ തുടിക്കുന്ന ചിത്രങ്ങൾ. തന്റെ മ്യൂറൽ ചിത്രങ്ങളുടെ പ്രദർശനം രണ്ട് തവണ തിരുവനന്തപുരം മ്യൂസിയം ഹാളിൽ പാലിയേറ്റീവ് കെയറുമായി ചേർന്ന് നടത്തിയിട്ടുണ്ട്.

2009ൽ എറണാകുളം കമേർഷ്യൽ ശാഖയിൽ ഒന്നിച്ച് ജോലി ചെയ്യുകയും ഒരു വർഷത്തെ പ്രണയത്തിനൊടുവിൽ 2010ൽ ജീവിതത്തിലേക്ക് പങ്കാളിയായി കടന്നു വരികയും ചെയ്ത സുജിത്ത് എസ് എം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തിരുവനന്തപുരം ആർ ബി ഓ രണ്ടിൽ ഡെപ്യൂട്ടി മാനേജർ ആണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ ഓഫീസർ അസോസിയേഷന്റെ നേതൃനിരയിൽ സജീവമായി പ്രവർത്തിക്കുന്ന ആളാണ്. നല്ല ഒരു ഫോട്ടോഗ്രാഫർ ആയ സുജിത്ത് ക്യാമറയിൽ ഒപ്പിയെടുക്കുന്ന ചിത്രങ്ങൾ അക്രിലിക് മീഡിയത്തിലേക്ക് പകർത്തുക

അജീതിക്ക് ഒരു ഹരമാണ്.

പേയാട് ഗ്രീൻവാലി ഇന്റർനാഷണൽ സ്കൂളിൽ മൂന്നാം തരത്തിൽ പഠിക്കുന്ന മകൻ സുദേവ് ശാസ്ത്രക്കും കുടുംബത്തിനും ഒപ്പം തിരുവനന്തപുരം ഉള്ളൂർ പ്രശാന്ത് നഗറിൽ ആണ് അജീതി താമസിക്കുന്നത്.

ചില ആരോഗ്യപരമായ പ്രശ്നങ്ങളിൽ തന്റെ സർഗ്ഗസപര്യകൾക്ക് ഇടയ്ക്ക് ഒരല്പം തടസ്സം നേരിട്ടത് ഇന്ന് പൂർവാധികം ശക്തിയോടെ തിരിച്ചുകൊണ്ടുവരാനുള്ള ശ്രമത്തിലാണ് അജീതി. കൂടെ ജോലി ചെയ്തിരുന്ന ഗായിക കൂടിയായ അനുപം ഗോപാലാണ് അജിതീയെ ടാലന്റഡ് ബാങ്കേഴ്സിലേക്ക് കൂട്ടിക്കൊണ്ടു വരുന്നത്. ടാലന്റഡ് ബാങ്കേഴ്സ് ഗ്രൂപ്പിൽ നിന്ന് ലഭിക്കുന്ന കലവറ ഇല്ലാത്ത പ്രോത്സാഹനങ്ങളെക്കുറിച്ച് ഏറെ സന്തോഷത്തോടെയാണ് അജീതി പ്രതികരിച്ചത്.

വരുംകാലങ്ങളിൽ തന്റേതായ ഒരു കവിതാ സമാഹാരം പ്രസിദ്ധീകരിക്കണം എന്നതാണ് അജീതിയുടെ ഒരു വലിയ സ്വപ്നം. അതോടൊപ്പം ചിത്രരചനയിലും കൂടുതൽ ശ്രദ്ധ നൽകണം. അജീതിയുടെ സ്വപ്നങ്ങൾ സാർത്ഥകമാകട്ടെ എന്ന് ടി ബി കുടുംബം ആത്മാർത്ഥമായി ആശംസിക്കുന്നു.

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ (Anil Unnithan), Retired - സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ

English version: Drisya Saseendran , Union Bank of India, Regional Office, Udupi

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം

Love exemplifies something which progressively evolves into affliction on the periphery but oftentimes laced with inexplicable exhilaration. When love turns out sweet, the day of lovers becomes even sweeter.

On this Valentine's day let us begin with a love poem titled 'The letter without an address' originally penned in English by this week's gifted banker.

Love began with a small envelope,
I sent without an address.
I wasn’t being brave;
I just forgot.
It wandered through many hands,
and came back to me,
creased, dirty.

Left alone on a counter,
you picked it up by chance.
I watched anxiously.
You opened it slowly,
and read.
My first love poem.
Maybe it reached you too late?
Maybe you smiled and thought it silly?
Maybe you threw it away,
and never once thought about it.
But I like to believe
you kept it.
Somewhere safe.
Like a treasure.

Let us introduce a multifaceted banker,a distinct persona whose life exudes the luminosity of love devoting her heart to colours and poems. Here we go.

Ajeeti S
State Bank of India
LHO, Trivandrum

Ajeeti is the sole daughter of Shri Sasikumar who retired from KSEB as Senior Superintendent and Smt Padmavathi,a former employee of Centre for Development studies.

Though the roots of the family lay in Kozhencherry, her parents had to relocate to Trivandrum for professional reasons.

Her academic journey began at Marynilayam school located at Pongummoodu. She furthered her schooling at St.Thomas High School till tenth grade and thereafter enrolled at St.Thomas Central School where she completed her Higher Secondary education.

She earned her B.Tech degree from Carmel Engineering College at Ranni in Pathanamthitta.

During her school years, Ajeeti participated in essay, story, poetry, painting, classical dance, elocution and fabric painting competitions ,being unswervingly focused on nurturing her talents.

Her Malayalam teacher Ms Chithra and art teacher Mr Rajesh at school led her into the realms of poetry and painting, and alongside stood her parents, as an unwavering source of inspiration.

In most of the competitions she participated , she emerged triumphant, earning accolades at both school and district levels.She secured third prize in essay writing , second position in fabric painting and first prize in poetry writing.

Ajeeti passed the SSLC examination with ninth rank at the state level, ascending to academic eminence.

Immediately after completing her engineering studies,she got placement at Infosys through campus recruitment.

In 2009, she entered the banking world as a Probationary Officer. She worked at Broadway branch in Ernakulam and at Kollam main branch as a probationer.

Her first posting after completion of the probation period was at Kunnamkulam branch. She then got posted at Palakkad Main branch following which she served at Palakkad RBO. From there she got transferred to HRMS department in LHO and then to Nettayam branch as Branch Head.

She is presently working in the Pension department at LHO.

Amid her hectic professional life, her heart remains loyally devoted to poetry and painting.

While working in Kunnamkulam, she developed close associations with skilled artists and began learning the traditional Kerala mural art.

Ajeeti has authored numerous poems in both Malayalam and English and her verses have found their place in more than ten English compilations and in 4 Malayalam collections.

Renowned online journals such as Hemlock Journal,Borderless Journal and Wise Owl have published her poems which stands as a testament to her perseverance and dedication.

She secured 96th position at the national level, amidst thousands of participants in the widely acclaimed S7 Poetry Contest. In the India Writing Project based in Andhra Pradesh, she participated in Seasons Eight and Nine and earned an A Grade. She also received numerous awards in poetry and painting competitions organized by the Officers' association.

In the year 2025, she was credited with the Global Blooming Talent Award and the Bharatha Kaviratna Award.

Ajeeti primarily works in acrylic medium. She has conducted two exhibitions of her mural artworks at the Museum Hall in Thiruvananthapuram, in collaboration with Palliative Care.

In 2009, she met Sujith S. M while working together at the Ernakulam Commercial Branch, to whom she got married in 2010. Sujith currently serves as Deputy Manager at Thiruvananthapuram RBO-II and is actively involved in the activities of Officers' Association. He captures moments through his lens, and Ajeeti feels joyful about transforming his photographs into acrylic paintings.

Ajeeti resides at Prashanth Nagar in Ulloor, Trivandrum with her beloved family which includes her son Sudev Sasthak, who is currently studying in third grade at Green Valley International School, Peyad.

Though certain health challenges disrupted her creative pursuits, Ajeeti is now striving to reclaim

the momentum with renewed strength.

It was her colleague and a singer, Anupam Gopal, who introduced her to the Talented Bankers platform.

Ajeeti speaks with heartfelt gratitude about the sincere support she receives from the Talented Bankers community.

Ajeeti wishes to publish her own collection of poems in the years to come. Alongside this, she hopes to devote even greater attention to her painting. The Talented Bankers family extends its warmest wishes for her dreams to blossom into reality.